കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

## സർവ്വകലാശാലകൾ നേരിടുന്ന വെല്ലുവിളികൾ

# ദേശീയ സെമിനാർ

**2025**
**ശനിയാഴ്ച**
**ആഗസ്ത് 16**
09:30 AM – 06:00 PM
KSTA ഹാൾ
തിരുവനന്തപുരം
തൈക്കാട്

ഉദ്ഘാടനം:
**തുഷാർ ഗാന്ധി**

മഹാത്മാഗാന്ധിയുടെയും
കസ്തൂർബാഗാന്ധിയുടെയും പ്രപൗത്രൻ,
നവഫാസിസത്തിനെതിരെ പൊരുതുന്ന
പ്രതിരോധപ്രവർത്തകൻ.



മാന്യരേ,

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം സംഘർഷഭരിതമാവുകയാണ്. ദേശീയവിദ്യാഭ്യാസനയം 2020ന്റെ പശ്ചാത്തലത്തിൽ യൂണിയൻ സർക്കാരിന്റെ അധികാരകേന്ദ്രീകരണം ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്ക് വലിയ വെല്ലുവിളികൾ ഉയർത്തിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസനയം നടപ്പിലാക്കാൻ എല്ലാ മാർഗ്ഗങ്ങളും യൂണിയൻ സർക്കാർ തേടുന്നു. അതിന്റെ ഭാഗമായി ഭരണഘടനയിലെ വിദ്യാഭ്യാസംപോലുള്ള സംയുക്തവിഷയങ്ങളിൽ സംസ്ഥാനങ്ങളുമായി അവശ്യം വേണ്ട കൂടിയാലോചനകൾ നടത്താതെ അവരുടെ അധികാരപരിധികൾ സ്ഥിരമായി ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കേന്ദ്രം നിർദ്ദേശിക്കുന്ന ഏകീകൃതനയങ്ങൾ സംസ്ഥാനങ്ങളെ മറികടന്ന് നടപ്പിലാക്കാൻ ശ്രമിക്കുന്നത് സഹകരണ ഫെഡറലിസത്തെ തന്നെ അപഹാസ്യമാക്കുകയാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിലാണ് ഇതിന്റെ പ്രതികൂലഫലങ്ങൾ ഏറ്റവും തീവ്രമായി കണ്ടുകൊണ്ടിരിക്കുന്നത്. അക്കാദമിക സ്വാതന്ത്ര്യത്തെയും സർവ്വകലാശാലകളുടെ സ്വയംഭരണാവകാശങ്ങളെയും തളർത്തുന്ന തീരുമാനങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. സാംസ്കാരികമേഖലയിലും ശാസ്ത്രരംഗത്തും മറ്റു ബൗദ്ധികമേഖലകളിലും ഇതിന്റെ ആരോഗ്യകരമല്ലാത്ത അനുരണനങ്ങൾ ഉണ്ടാവുകയാണ്.

ഇത് വളരെയേറെ ആശങ്കകളുണ്ടാക്കുന്നു. വിദ്യാഭ്യാസത്തിന്റെ മതേതര-ജനാധിപത്യ ഉള്ളടക്കത്തെ തകർത്ത് വർഗീയവൽക്കരിക്കാനും, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെയും ജനാധിപത്യ സംവിധാനത്തെയും തകർക്കാനുമുള്ള നീക്കത്തെയും, സംസ്ഥാന സർക്കാരിന്റെ പരമാധികാരത്തെ തകിടം മറിക്കാനുള്ള ഗൂഢതന്ത്രങ്ങളെയും ഭരണഘടന ഉയർത്തിപ്പിടിച്ച് ചെറുത്തുതോല്പിക്കേണ്ടതുണ്ട്. ഈ വിഷയങ്ങളെ ആഴത്തിൽ വിലയിരുത്തുകയും, പ്രതിരോധവും പരിഷ്കരണങ്ങളും ലക്ഷ്യമിട്ടുള്ള ഇടപെടലുകളുടെ വഴികൾ ചർച്ച ചെയ്യുകയും ചെയ്യുന്ന സെമിനാറിലേക്ക് ഏവരെയും ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

**ടി. കെ. മീരാഭായ്**
പ്രസിഡണ്ട്

**പി. വി. ദിവാകരൻ**
ജനറൽ സെക്രട്ടറി

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

## കാര്യപരിപാടി

09:00 AM : രജിസ്ട്രേഷൻ

**09:30 AM – 11:15 AM : ഉദ്ഘാടന സെഷൻ**

സ്വാഗതം: **പി.വി. ദിവാകരൻ**
(ജനറൽ സെക്രട്ടറി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് )

അദ്ധ്യക്ഷത: **ടി. കെ. മീരാഭായ്**
(പ്രസിഡന്റ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്)

ഉദ്ഘാടനം: **തുഷാർ ഗാന്ധി**

പൊതു ചർച്ച

നന്ദി: **ഷിംജി ജി.** (സെക്രട്ടറി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തിരുവനന്തപുരം ജില്ല)

**11:30 AM – 01:00 PM സെഷൻ 1**

**വിഷയം: സർവ്വകലാശാലാ നിയമങ്ങളും അഭിപ്രായഭിന്നതകളും**

അദ്ധ്യക്ഷത: **ഡോ. സി. പത്മനാഭൻ**
(കൺവീനർ, കേരള വിദ്യാഭ്യാസസമിതി)

വിഷയാവതരണം: **പ്രൊഫ. (ഡോ.) എൻ. കെ. ജയകുമാർ**
(മുൻ വൈസ്ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്)

പൊതുചർച്ച

പ്രതികരണം: **ഡോ. ബി. ഇക്ബാൽ**
(മുൻ വൈസ്ചാൻസലർ, കേരള സർവ്വകലാശാല)

**01:45 PM – 03:20 PM സെഷൻ 2**

**വിഷയം: ഉന്നതവിദ്യാഭ്യാസം – അക്കാദമികപ്രതിസന്ധികളും മുന്നോട്ടുള്ള പാതയും**

അദ്ധ്യക്ഷത: **ഡോ. കാവുമ്പായി ബാലകൃഷ്ണൻ**
(സിൻഡിക്കേറ്റ് മെമ്പർ, കോഴിക്കോട് സർവ്വകലാശാല)

വിഷയാവതരണം: **ഡോ. കെ. എൻ. ഗണേഷ്**
(ചെയർമാൻ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ച്)

പൊതുചർച്ച : **ഡോ. ആർ.വി.ജി. മേനോൻ**

സമാപനം
സെമിനാർ ക്രോഡീകരണം:
**ഡോ. രതീഷ് കൃഷ്ണൻ**

നന്ദി: **പി. പി. ബാബു**
(കൺവീനർ, ഉന്നതവിദ്യാഭ്യാസ വിഷയസമിതി)


**3.30 PM- 6 PM**


## കേരള വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ പ്രഭാഷണങ്ങൾ

തിരുവനന്തപുരം എ.കെ. ജി പഠന ഗവേഷണ കേന്ദ്രം ഹാളിൽ

**തുഷാർ ഗാന്ധി, പ്രൊഫ. സി. രവീന്ദ്രനാഥ്** (മുൻ കേരള വിദ്യാഭ്യാസ മന്ത്രി)

വിവരങ്ങൾക്ക് വിളിക്കാം : 9895194781, 94952 97407, 9447647340





# UNMAKING THE REPUBLIC

വിദ്യാഭ്യാസത്തിലും
ഫെഡറലിസത്തിലുമുള്ള
അമിതാധികാര
പ്രയോഗത്തെ
പ്രതിരോധിക്കുക